കുടുംബശ്രീക്ക് ഒൻപത് ശതമാനം പലിശയ്ക്ക് വായ്പ നല്കുന്ന വാണിജ്യ ബാങ്കുകൾ

135 (6053) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. ബാബു :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീക്ക് ഒൻപത് ശതമാനം പലിശയ്ക്ക് വായ്പ നല്കുന്നതിന് സംസ്ഥാനത്തെ ഏതൊക്കെ വാണിജ്യ ബാങ്കുകളാണ് സർക്കാരുമായി ധാരണയിലെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ ഇതനുസരിച്ച് ഏത്ര കോടി രൂപയുടെ വായ്പ നല്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സ്കീമിൽ സഹകരണ മേഖലയിൽ നിന്നും എത്ര കോടി രൂപ ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരം ലോണിനായി അഞ്ചു ശതമാനം സബ്സിഡിയായി നല്കുന്നതിന് കുടുംബശ്രീ മിഷന് എന്തു തുക നല്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഇതിനാവശ്യമായ ഗ്രേഡിംഗ് നടത്തുന്നതിന് നിലവിലുള്ള വായ്പകൾ റീഷെഡ്യൂൾ ചെയ്യുന്നതിനുവേണ്ടി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, കാനറാ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കോർപ്പറേഷൻ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണബാങ്ക്, നോർത്ത് മലബാർ ഗ്രാമീണ ബാങ്ക് എന്നിവയാണ് ധാരണയിലെത്തിയിട്ടുള്ള ബാങ്കുകൾ.

(ബി) ഈ സാമ്പത്തിക വർഷം 300 കോടി രൂപ വായ്പയായി നല്കുമെന്നാണ് കരുതുന്നത്.

(സി) ആകെ വായ്പ തുകയുടെ ഏകദേശം 40% സഹകരണ ബാങ്കുകളിൽ നിന്നായിരിക്കും ലഭ്യമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സബ്സിഡിയിനത്തിൽ കുടുംബശ്രീയിൽ നിന്നും 24 കോടി രൂപ നല്കേണ്ടി വരും.

(ഇ) അയൽക്കൂട്ടങ്ങൾ ഗ്രേഡിംഗ് നടത്തുന്നതിനും വായ്പകൾ റീ-ഷെഡ്യൂൾ ചെയ്യുന്നതിനുമായി പലിശ സബ്സിഡി സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കിംഗ് സാക്ഷരതാ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ബാങ്കിംഗ് റിസോഴ്സ് പേഴ്സൺമാരെ സജ്ജമാക്കിക്കൊണ്ട് ബാങ്കേഴ്സ് മീറ്റിംഗുകൾ, സി.ഡി.എസ്. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തൽ, സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് പരിശീലനം നല്കൽ, വിവരശേഖരണം (എം.ഐ.എസ്.) എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

കുടുംബശ്രീ യൂണിറ്റ് വഴി പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനം

136 (6054) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ യൂണിറ്റുവഴി പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്നതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 9-2-2010 ലെ ജി.ഒ.(പി) നം.61/2010/ഫിൻ. ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പുതുതായി ഒഴിവു വരുന്നതും പുതുതായി സൃഷ്ടിക്കപ്പെടുന്നതുമായ തസ്തികകളിലേക്ക് മാത്രമേ കുടുംബശ്രീ യൂണിറ്റുവഴി താൽക്കാലിക നിയമനം നടത്താൻ പാടുള്ളൂ എന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(സി) ഇതിനു വിരുദ്ധമായി വർഷങ്ങളായി ദിവസവേതന അടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറായി വിവിധ വകുപ്പുകളിൽ ജോലി നോക്കുന്നവരെ പിരിച്ചുവിട്ട് ആ തസ്തികകളിൽ കുടുംബശ്രീ അംഗങ്ങളെ നിയമിക്കാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഉത്തരവ് നിലവിൽ വന്ന ശേഷം വിവിധ വകുപ്പുകളിൽ ഇത്തരത്തിൽ എത്ര ദിവസവേതനക്കാരായ കാഷ്വൽ സ്വീപ്പർമാരെ പിരിച്ചുവിട്ട് കുടുംബശ്രീ യൂണിറ്റിലുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

(ഇ) ഇപ്രകാരം പിരിച്ചുവിട്ടവരെ തിരിച്ചെടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly